# വൈഗ 2017: പ്രദർശനവും ശില്പശാലയും 27 മുതൽ

**തൃശ്ശൂർ** ▸ കാർഷികോത്പന്നങ്ങളുടെ സംസ്കരണവും മൂല്യവർധനയും ആസ്പദമാക്കി അന്തർദേശീയ പ്രദർശനവും ശില്പശാലയും തൃശ്ശൂരിൽ സംഘടിപ്പിക്കുന്നു. 'വൈഗ-2017' എന്ന് പേരിട്ട പരിപാടി കാർഷിക സർവകലാശാലാ ആസ്ഥാനത്ത് 27 മുതൽ 31 വരെയാണ്. കൃഷിവകുപ്പും കേരളകാർഷിക സർവകലാശാലയും സമേതിയും ചേർന്നാണ് ശില്പശാല സംഘടിപ്പിക്കുന്നത്. രണ്ടാം തവണയാണ് വൈഗ സംഘടിപ്പിക്കുന്നതെന്ന് കൃഷിമന്ത്രി വി.എസ്. സുനിൽകുമാർ പത്രസമ്മേളനത്തിൽ പറഞ്ഞു.

വൈഗ 2017-ൽ നാളികേരം, വാഴപ്പഴം, തേൻ, ചെറുധാന്യങ്ങൾ എന്നിവയ്ക്കാണ് പ്രാധാന്യം നൽകുന്നത്. സിങ്കപ്പൂർ, തായ്‌ലാൻഡ്, ശ്രീലങ്ക, ഇൻഡൊനീഷ്യ, ജക്കാർത്ത തുടങ്ങി ഇരുപതോളം രാജ്യങ്ങളിൽനിന്നുള്ള ഗവേഷകർ, പ്രതിനിധികൾ, കർഷകർ എന്നിവർ ശില്പശാലയുടെ ഭാഗമാകും. ഗവേഷണസ്ഥാപനങ്ങളും പങ്കുചേരും. വിദ്യാർഥികൾക്കായി ക്വിസ് മത്സരം, പ്രസംഗം, പെയിന്റിങ് തുടങ്ങിയവയും നടത്തുന്നുണ്ട്. വിദ്യാർഥികൾക്ക് കുടുംബസമേതം പ്രദർശനം കാണുന്നതിന് അതത് സ്കൂൾ മുഖാന്തരം സൗകര്യം ഒരുക്കിയിട്ടുണ്ട്. യുവകർഷകസംഗമവും നടക്കും.

27-ന് പത്തിന് ഗവർണർ പി. സദാശിവം വൈഗ 2017 ഉദ്ഘാടനം ചെയ്യും. മുഖ്യമന്ത്രി പിണറായി വിജയൻ പങ്കെടുക്കും.

Mathrubhumi 24.12.17